# പുതിയ പുലരികൾ തേടി

— അന്തിനാട്ട് ജോസ്

## അദ്ധ്യായം ഇരുപത്

സായാഹ്നത്തിന്റെ നേർത്ത പൊൻവെളിച്ചം കടലോരമാകെ ഒരു നിലാവുപോലെ വീണുകിടക്കുന്നു. തണുത്ത മണലോരത്ത് സായാഹ്നം ചില വഴിക്കാൻ എത്തിയ സ്ത്രീപുരുഷന്മാരുടെ തിരക്കായിരുന്നു.

ഭാര്യയും ഭർത്താവും കുഞ്ഞുങ്ങളുമെല്ലാം ആ കൂട്ടത്തിലുണ്ട്. കാമുകീകാമുകന്മാരും ചുരുക്കമായി അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. അവരും സ്വസ്ഥമായി ഒന്നു കാണാൻ, അന്യോന്യം ഹൃദയരഹസ്യങ്ങൾ പങ്കുവയ്ക്കാൻ കടലോരംതന്നെ തിരഞ്ഞെടുക്കുന്നു.

പടിഞ്ഞാറെ മാനത്ത് അന്തിമസൂര്യന്റെ വ്യസനത്തോടെയുള്ള അന്ത്യയാത്രയും നോക്കി ജെയ്സൺ കടലിലേയ്ക്ക് ഉന്തിനിൽക്കുന്ന ഒരു പാറപ്പുറത്ത് ഇരിക്കയാണ്. അവനു സമീപത്തായി ഒരു തെങ്ങിന്റെ ചുവട്ടിലിരുന്ന് അന്യോന്യം കുശലപ്രശ്നങ്ങൾ നടത്തുകയാണ് കറിയാച്ചനും വറീതും. അവർ ഇടയ്ക്കിടെ ജെയ്സണെ ശ്രദ്ധിക്കുന്നുണ്ട്. സദാസമയവും ഒരു കണ്ണ് അവനെ പിൻതുടരുന്നുണ്ട്. അവൻ എന്തെങ്കിലും സാഹസം കാണിക്കുമോയെന്ന് അവർക്ക് തെല്ലൊരു ഭയമുണ്ട്.

ജെയ്സൺ [illegible] പതിവിലും സന്തോഷവാനായിരുന്നു. അവൻ പൊരിമണൽ വാരി തിരകളിലേയ്ക്ക് എറിഞ്ഞു രസിച്ചുകൊണ്ടിരുന്നു.

ഒരായിരം തിരകൾ പാറക്കെട്ടിൽ വന്നടിച്ചു ചിതറുന്നു. തിരകളുടെ അവസാനിക്കാത്ത തിരകൾ. പാറക്കെട്ടിൽത്തട്ടി വെള്ളിൽ പൂക്കൾപോലെ ചിതറുന്ന തിരയോളങ്ങൾ.

തണുത്ത കാററിൽ തെങ്ങോലകൾ കലമ്പൽ കൂട്ടുന്നു. അവന്റെ മുടിയിഴകൾ കാററിൽ തോരണങ്ങൾപോലെ പാറിക്കളിച്ചു.

കറിയാച്ചൻ വറീതിന്റെ കാതിൽ മന്ത്രിച്ചു.

'അവനെയൊന്നു നോക്ക്. ഇപ്പോൾ വളരെ മാററം വന്നിട്ടുണ്ട്. ഇക്കണക്കിനായാൽ അവൻ രണ്ടുമാസംകൊണ്ട് നോർമലാകും.'

'ശരിയാണു മുതലാളി.' വറീത് തല കുലുക്കി സമ്മതിച്ചു. അയാളുടെ കണ്ണുകളിൽ ആശ്വാസത്തിന്റെ പൂത്തിരി കത്തിനിന്നു.

ജെയ്സണെക്കുറിച്ച് കറിയാച്ചന് വീണ്ടും പ്രതീക്ഷകൾ ഉടലെടുത്തു. അവൻ ഇനിയും ഉന്മേഷവാനായും. ഊർജ്ജസ്വലനായും വരും.

അയാളുടെ മങ്ങിക്കിടന്ന മനസ്സിൽ വീണ്ടും പ്രകാശത്തിന്റെ ആശ്വാസത്തിന്റെ പൊന്നൊളികൾ പരക്കുകയായി.

ജയ്സൺ മെല്ലെ പാറപ്പുറത്തു നിന്നും എണീററു. പാദങ്ങളിൽ പററിപ്പിടിച്ചിരുന്ന മണൽത്തരികൾ അവൻ തട്ടിക്കളഞ്ഞു. പാറിക്കിടന്നിരുന്നമുടി അവൻ ഒതുക്കിവെച്ചു. അനുസരണയില്ലാത്ത മുടി. തണുത്ത കാററിൽ ആലോലമാടുന്ന മുടി.

അവനു തീരത്തുകൂടി നടന്നു. കടലോരത്ത് ചില ഭാഗങ്ങളിൽ കുററിക്കാടുകൾ വളർന്നാർത്തു നിൽക്കുന്നു. നേർത്ത കാടുകൾക്കുള്ളിൽ ഇരുട്ട് പതിയിരിക്കുന്നു. ഏതു നിമിഷവും പത്തി വിരിച്ചു പുറത്തു ചാടാനുള്ള ആവേശത്തോടെ....

ജയ്സൺ ഒന്നു മൂളിപ്പാടി. അവന്റെ കൈവിരലുകളിൽ അതിന്റെ ഈണം താളമായി തുള്ളി നടന്നു.

അങ്ങനെ മുന്നോട്ടു നീങ്ങവെ മണലോരത്ത് ഒരു കറുത്ത അംബാസഡർ കാർ കിടക്കുന്നു.

ജയ്സന്റെ കണ്ണുകൾ ഒരു നിമിഷം ആ കാറിൽ തറച്ചു [illegible] എവിടോവച്ച് കണ്ടിട്ടുള്ള കാർ എവിടെയാണ്? എവിടെയാണ്?

അവൻ തന്റെ മനസ്സിന്റെ ഓളങ്ങളിൽ ഒന്നു പതറി.

എവിടെവച്ചാണീ കാർ കണ്ടിട്ടുള്ളത്?

ഒരു നിമിഷം അവന്റെ മനസ്സ് ഒന്നു പതറി. കാലുകൾ മണലിൽ നിശ്ചലങ്ങളായി. കണ്ണുകൾ ആ കാറിൽനിന്നും തിരിച്ചെടുക്കാൻ കഴിയാനാവാതെ പതറി.

സീനായുടെ കാർ. അവളുടെ ബംഗ്ലാവിന്റെ പടിക്കൽ പലപ്പോഴും കണ്ട അതേ കാർ.

അവൾ ഇപ്പോഴും നാട്ടിലുണ്ടോ? അവൾ ഈ കടലോരത്തും എത്തിയോ? ദൈവമേ!

ജെയ്സൺ ചുററും നോക്കി. സമീപത്തെങ്ങും കാറിന്റെ ഉടമസ്ഥരെ കാണാനില്ല.

അവൻ പിന്നെയും ചുററും തിരഞ്ഞു? കാർ ഒരു പക്ഷേ അവരുടെ വീട്ടുകാർ ആർക്കെങ്കിലും വിററതായിരിക്കുമോ? എങ്കിലും ഇങ്ങനെ സംഭവിക്കാം.

എന്താണെന്നു നിശ്ചയിക്കാൻ കഴിയുന്നില്ല.

നിമിഷങ്ങൾ പിന്നെയും കടന്നു പോയി. അവൻ കാറിനെ ചുററിപ്പററി നടന്നു. അതൊന്നും വറീതോ കറിയാച്ചനോ കാണുന്നുണ്ടായിരുന്നില്ല. അവർ കുടുംബ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയായിരുന്നു.

കുററിക്കാടുകൾക്കപ്പുറത്തെ പാറക്കൂട്ടങ്ങൾക്കിടയിൽ നിന്നും പെട്ടെന്ന് ഒരു യുവതിയുടെ പൊട്ടിച്ചിരി ഉയർന്നു. അടുത്ത നിമിഷം തന്നെ അതു നേർത്തതായി. ഒപ്പം കൈവളകളുടെ കിലുക്കം.

കാമുകീ കാമുകന്മാരുടെ സൈ്വര സല്ലാപത്തിന്റെ സങ്കേതമാണത്. അവിടെ നിന്നാണ് ആ ചിരി ഉയർന്നത്.

ജെയ്സൺ ഒന്നുകൂടി തരിച്ചു നിന്നു.

ധാരാളം കേട്ടിട്ടുള്ള ചിരി. മുമ്പെങ്ങോ തന്റെ ജീവിതവുമായി അലിഞ്ഞു ചേർന്ന ചിരി. ചിരപരിചിതമായ ചിരി.

അവൾ ആരാണ്? ആരാണ്?

ജെയ്സൺ ശബ്ദമുണ്ടാക്കാതെ പാറക്കെട്ടിനടുത്തേയ്ക്കു നടന്നു. അവൻ ആരും കാണാതെ അങ്ങോട്ടു തന്നെനോക്കി.

ഒരു നിമിഷം അവൻ ഞെട്ടിത്തരിച്ചുപോയി.

ആകാശം ഒന്നാകെ തന്റെ മേൽ ഇടിഞ്ഞു വീഴുന്നതായി തോന്നി. കണ്ണുകൾ ഇരുളുന്നു.

സീനായും അപരിചിതനായ ഒരു ചെറുപ്പക്കാരനും, അവർ ഒരു പാറയിൽ കാമുകീകാമുകന്മാരെപ്പോലെ മുട്ടിയുരുമ്മിയിരിക്കുന്നു....

'സീനാ!' ഒരു ഭ്രാന്തനെപ്പോലെ ജയ്സൺ അലറിവിളിച്ചു. അവന്റെ ആ ശബ്ദം പാറക്കെട്ടുകളിൽ തട്ടി ഇടിനാദമായി പ്രതിധ്വനിച്ചു.

ആ സ്വരം കേട്ട് സീനായും ചെറുപ്പക്കാരനും ഞെട്ടിയെണീററു. അവൾ ഭയത്തോടെ ചെറുപ്പക്കാരനോടു പറഞ്ഞു.

'നമുക്കു വേഗം പോകാം. അവൻ ഭ്രാന്തനാ...'

അവൾ ഓടിച്ചെന്നു കാറിൽ കയറി. ഒപ്പം ചെറുപ്പക്കാരനും, കാർ അതിവേഗം നീങ്ങി. 'സീനാ!' കാറിനു പിന്നാലെ ഒരു ഭ്രാന്തനെപ്പോലെ ജെയ്സൺ പാഞ്ഞു. പിന്നാലെ വറീതും. ജെയ്സൺ ഓടിക്കൊണ്ടിരിക്കെ തീരത്തേയ്ക്കു വീണുപോയി.

(തുടരും)

---

## കവിത

# സ്നേഹമതം

തൂവെണ്മയെഴുന്നീശനുയിർക്കുന്നു മേലിലേക്ക്
കബറിടത്തിൻ കല്ലുകളിളകി വഴിമാറുന്നു
കാവൽ നില്ക്കും യൂദന്മാരാലസ്യമാർന്നുവീണു
കാവൽ മാലാഖമാരീശോയെ വലയം ചെയ്തു
മൂന്നു ദിനം മുമ്പു തല്ലിത്തകർത്തോരു തിരുഹൃദയം
മൂന്നു നാൾ കഴിയും മുമ്പു താൻ വാർത്തെടുത്തു
സുഗന്ധതൈലാദികൾ തളിച്ചനുഗ്രഹം പ്രാപിക്കാ–
നാഗതയാം മഗ്ദലമറിയമത്ഭുതമാർന്നു വിവശയായി
ആ നേരം അവൾക്കു മുന്നിൽ യേശുവന്നു നിന്നല്ലോ
ക്ഷണികമായിരുന്നെന്നാലുമാദൃശ്യമെത്ര വശ്യം!
വേശ്യയായി ജീവിതം കഴിച്ചുപോന്നോരവളാത്മ
ശോധനയാൽ മനമുരുകി ദൈവപ്രീതി നേടി
അവൾ നേടി ഉയിർത്ത നാഥനെയാദ്യമായ് കണ്ട ഭാഗ്യം
അന്നുമുതലവൾ പുണ്യചരിതയായ് മാറി.
പിന്നെ യേശുവിനദൃശ്യരൂപം ഗലീലക്കു യാത്രയായി
തന്നെയേററം സ്നേഹിച്ച ശിഷ്യരെ കാണുവാനായി
പതിററിരുവർ ഭോജനം ചെയ്തുകൊണ്ടിരുന്നപ്പോൾ
പതിവിലേറെ പ്രഭാമയമാകുകയായന്നാമന്ദിരം
താനുയിർത്തെന്നു ശ്രാവ്യമായ ശിഷ്യർതൻകാതുകള-
തു വിശ്വസിക്കായ്കയാലീശനരിശംകൊണ്ടു.
ശാന്തനായിത്തീർന്നശേഷം ശിഷ്യരോരോരുത്തരോടായി
സുവിശേഷമറിയിക്കാൻ പോക നിങ്ങളെന്നാജ്ഞാപിച്ചു
''നിങ്ങളെന്റെ പേരിൽചെയ്യും കർമ്മങ്ങളെല്ലാം
മംഗളമായി കലാശിച്ചിട്ടെൻ ശ്രുതിയെങ്ങും പടർന്നീടുമേ''
ദൂതു നൽകിയീശനീവിധമെന്നിട്ടു ദൂതരോടൊത്തു സ്വർഗ്ഗ–
ദേശെ താതൻ സവിധേക്കു യാത്രയായി.
ശിഷ്യഗണം ലോകത്തിൻ നാലുദിക്കും സഞ്ചരിച്ചു
ശ്രേഷ്ഠഗുരുവിൻ വചനങ്ങളെത്തിക്കുവാൻ
ആ വചനങ്ങൾ കൈക്കൊണ്ടനേകായിരങ്ങൾ ക്രൂശ്
കവചമായി തങ്ങളുടെ മാറിൽ ചേർത്തു
അത്ഭുതങ്ങൾ കാട്ടി ശിഷ്യർ, അസൂയ പൂണ്ട ചിലർ
അവരെയും പീഡകളാൽ മൃതിതരാക്കി
ഗുരു ശിഷ്യർതൻ ത്യാഗോജ്ജ്വല ജീവിതത്താൽ
സ്നേഹഭാഷയോതും ക്രിസ്തീയ മതമുണ്ടായി.

ജയൻ ആൻഡ്രൂസ്

